**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **30-06-2022 - ൽ മറുപടിയ്ക്ക്**

**സംരക്ഷിത മേഖലകൾക്ക് ചുറ്റും ബഫർസോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിത മേഖലകളുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തണമെന്ന സുപ്രീം കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഹു. സുപ്രീം കോടതിയുടെ 03.06.2022 ലെ IA 1000/2003<br>നമ്പർ കേസ്സിലെ വിധി പ്രകാരം വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മലയോര മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (ബി) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, |

| | | | |
|---|---|---|---|
| | | | ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ്<br><br>സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ച് കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്.  സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വിനി കുമാർ ചൗബെയോട് 18.06.2022 ന് നടന്ന ചർച്ചയിൽ കേരള  വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശിപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്. |
| (സി) | 2019 ഒക്ടോബർ 23-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗത്തിൽ സംരക്ഷിത മേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ | (സി) | 2019 ഫെബ്രുവരിയിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അധിക വിവരങ്ങൾ ഉൾപ്പെടുത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് |

| | |
|---|---|
| ഏർപ്പെടുത്തണമെന്ന തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ ; | ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച കരട് പ്രൊപ്പോസലുകളിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ മനുഷ്യവാസ കേന്ദ്രങ്ങളെയും ഇക്കോസെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വന പ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തി ഉള്ളതായിരുന്നു. ഈ കാര്യം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കണമെന്നില്ല.<br><br>2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല / ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഉ03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് സംരക്ഷിത പ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31.10.2019 ലെ സ.ഉ (കൈ) നം. 29/2019/വനം, പ്രകാരം അംഗീകാരം നൽകിയതിനെ തുടർന്നാണ് 19.12.2019-ൽ മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിച്ചത്. 28.09.2020 ൽ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന / വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും, ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്. |
| (ഡി) | കേരളത്തിൽ ബഫർസോൺ ഒഴിവാക്കണമെന്ന ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വ്യത്യസ്ത | (ഡി) | ഡോ. ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വന്യജീവി സങ്കേതങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തായി പാരിസ്ഥിതിക സംവേദക മേഖല (ESZ) രൂപീകരിക്കുന്നത് സംബന്ധിച്ചുള്ളതല്ല. |

| | | | |
|---|---|---|---|
| | തീരുമാനം എടുത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഇതു സംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ടി യോഗ തീരുമാന പ്രകാരം, ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസകേന്ദ്രങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ്<br><br>സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യു പെറ്റീഷൻ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ച കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ